(എഫ്) സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)-(സി) സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തന സങ്കേതങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അൽ-ഉമ്മ എന്ന മത-തീവ്രവാദ സംഘടനയുടെ ചില പ്രധാന പ്രവർത്തകർ പണ്ട് കേരളത്തിൽനിന്നും കോയമ്പത്തൂരിൽ കുടിയേറി താമസമാക്കിയവരാണെന്ന് അറിവായിട്ടുണ്ട്. കോയമ്പത്തൂർ സ്ഫോടനത്തോടനുബന്ധിച്ച് അൽ-ഉമ്മയുമായി ബന്ധമുള്ള ചില പ്രതികൾ സംസ്ഥാനത്ത് രഹസ്യമായി താമസിക്കുകയും ചിലരെ സംസ്ഥാനത്തുനിന്നും അറസ്റ്റ് ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

(ഡി) അയൽ സംസ്ഥാനങ്ങളിൽനിന്നും തീവ്രവാദ പ്രവർത്തകർ സംസ്ഥാനത്തേയ്ക്ക് കടക്കുന്നത് തടയുന്നതിന് ബന്ധപ്പെട്ട സംസ്ഥാന പോലീസുമായി സഹകരിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തസ്തികകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. ബോംബും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങളോടുകൂടി ഇന്റലിജൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. മതമൗലികവാദ സംഘടനകളുമായി ബന്ധപ്പെട്ട സ്ഫോടക വസ്തു ശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമേ ഓരോ ജില്ലാ അതിർത്തിക്കുള്ളിലും പ്രസ്തുത വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് അറിയിക്കുന്നതിന് ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്.

(ഇ) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് ഇന്റലിജൻസ് വിഭാഗം ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

(എഫ്) തീവ്രവാദ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിനേയും രഹസ്യാന്വേഷണ ഏജൻസികളേയും ജാഗരൂകമാക്കുകയും അവരുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനധികൃതമായ കായിക പരിശീലനം നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള നിയമനിർമ്മാണത്തിനും നടപടി സ്വീകരിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജുകൾ

27 (*173) ഡോ. കെ.സി. ജോസഫ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ സഹകരണ മേഖലയിൽ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് തുടങ്ങുന്നതെന്ന് വിശദമാക്കുമോ;

(ഡി) സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ഏതെങ്കിലും സാമുദായിക സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) സ്വകാര്യമേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി)&(സി)സഹകരണ അക്കാഡമിയുടെ കീഴിൽ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ഏതാനും അപേക്ഷകൾ ലഭിച്ചിരുന്നു. ഉത്തരം (എ) യുടെ വെളിച്ചത്തിൽ അതിൽ നടപടികൾ കൈക്കൊണ്ടിട്ടില്ല.

പഴവർഗ്ഗങ്ങളിൽ രാസവസ്തുക്കൾ പ്രയോഗിക്കുന്ന നടപടി

28(*174)ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴക്കച്ചവടക്കാർ പഴവർഗ്ഗങ്ങൾ പെട്ടെന്നു പഴുക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഹാനികരമായ രാസപദാർത്ഥങ്ങൾ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രാസപദാർത്ഥങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും ഇതുകൊണ്ട് മനുഷ്യ ശരീരത്തിനുണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാമാണെന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതു തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ചില കച്ചവടക്കാർ അപ്രകാരം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാത്സ്യം കാർബൈഡ് എന്ന രാസവസ്തു വെള്ളത്തിന്റെ സഹായത്തോടുകൂടിയാണ് ഉപയോഗിക്കുന്നത്. കാത്സ്യം കാർബൈഡ് സൃഷ്ടിക്കുന്ന അസറ്റലിൻ ഗ്യാസ് മനുഷ്യ ശരീരത്തിൽ ശ്വാസകോശത്തിൽ അലർജി, ശ്വാസംമുട്ട് എന്നീ രോഗങ്ങളും, വയറെരിച്ചിലും ഉണ്ടാക്കാൻ സാദ്ധ്യതയുണ്ട്.

(സി) മായം ചേർക്കൽ തടയുവാനായി ഫുഡ് ഇൻസ്പെക്ടർമാരോട് കാലാകാലങ്ങളിൽ സാമ്പിളുകളെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly